സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ ശ്രീ.പി.സുരേന്ദ്രനെതിരെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ)നം. 624 /2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, **05/03/2018**

---

പരാമർശം: 1. ഗ്രാമവികസന കമ്മീഷണറുടെ 25.08.2017, 06.08.2018 എന്നീ തീയതികളിലെ 24113/എസ്റ്റാ എ 2/10/സി.ആർ.ഡി നമ്പർ കത്തുകൾ.

2. ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, ശ്രീ.പി.സുരേന്ദ്രന് നൽകിയ 22.12.2017-ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും

4. ശ്രീ.പി.സുരേന്ദ്രൻ സമർപ്പിച്ച 01.02.2018- ലെ പ്രതിവാദ പത്രിക.

## <u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2008-2009 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി, നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7 ഗ്രാമപഞ്ചായത്തുകളിലെ അംഗനവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട്, ടി കാലയളവിൽ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.പി.സുരേന്ദ്രനെതിരെ മേൽനോട്ടപിഴിവിന് അച്ചടക്കനടപടി സ്വീകരിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തു..

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2008-09 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി അംഗനവാടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന് നൽകാനുള്ള 3,04,300/- (മൂന്നു ലക്ഷത്തിനാലായിരത്തി മുന്നൂറ് രൂപ) രൂപയുടെ പേ ഓർഡർ ചെക്ക് 28/02/2009-ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വ്യാജ കവറിംഗ് ലെറ്റർ ചമച്ച് കള്ള ഒപ്പിട്ട് റീവാലിഡേറ്റ് ചെയ്ത് എൽ.ഡി.ക്ലാർക്കായിരുന്ന ശ്രീ.പി.രാജേഷ് സ്വകാര്യ ആവശ്യത്തിനായി ഉപയോഗിക്കുകയും ജനറൽ പർപ്പസ് ഗ്രാന്റ്, ജനകീയാസൂത്രണം പദ്ധതി ഫണ്ട് എന്നിവയിൽ നിന്ന് 2,31,897/- (രണ്ട് ലക്ഷത്തി മുപ്പത്തൊന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയേഴ് രൂപ) രൂപാ അപഹരണം നടത്തുകയും ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. ടിയാൻ 7 ഡി.ഡി സ്ലിപ്പുകൾ പഞ്ചായത്ത് സെക്രട്ടറിമാരുടെ പേരിൽ വ്യാജമായി തയ്യാറാക്കി ഒപ്പിട്ടുവിക്കുകയും നേരത്തെ കൈവശം വെച്ചിരുന്ന പി.ഒ.സിയ്ക്കായി വീണ്ടുമൊരു ഡി.ഡി സ്ലിപ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറെക്കൊണ്ട് ഒപ്പിട്ടുവയ്ക്കുകയും നേരത്തെ മാറിയിരുന്ന 3,04,300/-(മൂന്നു ലക്ഷത്തി നാലായിരത്തി മുന്നൂറ് രൂപ) രൂപയുടെ പേ ഓർഡർ ചെക്ക് റീ വാലിഡേറ്റ് ചെയ്യുന്നതിനായി വ്യാജമായി കത്ത് തയ്യാറാക്കുകയും കൂടാതെ വൈദ്യുത ചാർജ്, ഇന്ധന ചെലവ്, ടെണ്ടർ പരസ്യക്കൂലി, ടെലിഫോൺ ചാർജ് എന്നീ ഇനങ്ങളിലെ വിവിധ ബില്ലുകൾ രണ്ട് പ്രാവശ്യം മാറിയെടുക്കുകയും അപഹരിക്കുകയും ചെയ്തത്, ടി കാലയളവിൽ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ.പി.സുരേന്ദ്രന്റെ മേൽനോട്ടപ്പിഴവ് മൂലമായതിനാൽ ശ്രീ.പി.സുരേന്ദ്രനെതിരെ 1960

-ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും ) ചട്ടം 16 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ചു. ശ്രീ.പി.സുരേന്ദ്രന് പരാമർശം (2) പ്രകാരം സർക്കാർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കി. ശ്രീ.പി.സുരേന്ദ്രൻ പരാമർശം (4) പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചു. പ്രതിവാദപത്രികയിൽ ടിയാൻ കുറ്റം നിഷേധിച്ചു. ഭാരിച്ച ഉത്തരവാദിത്വം നിർവ്വഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിലും ഔദ്യോഗിക തിരക്കും തുടർച്ചയായ മീറ്റിംഗുകളും ആഫീസിൽ മതിയായ ജീവനക്കാരുടെ അഭാവവും ശ്രീ.പി.രാജേഷ് പണാപഹരണം നടത്തുന്നതിന് കാരണമായിട്ടുണ്ടെന്നും ശ്രീ.പി.രാജേഷ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ എന്ന തസ്തികയിലെ തന്റെ ഔദ്യോഗിക പരിചയക്കുറവ് മുതലെടുത്ത് മനഃപൂർവ്വം ഓഫീസിന് പുറത്തുള്ള കൂട്ടുകാരെ ചേർത്തുകൊണ്ട് കരുതിക്കൂട്ടി പണാപഹരണം നടത്തുകയായിരുന്നുവെന്നും ശ്രീ.പി.രാജേഷിന്റെ ഭാഗത്ത് നിന്നുണ്ടായ പണാപഹരണം തന്റെ മനഃപൂർവ്വമായതോ, അശ്രദ്ധമായതോ കരുതിക്കൂട്ടിയതോ ആയ വീഴ്ചയല്ലെന്നും ടിയാൻ പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.സുരേന്ദ്രൻ സർക്കാറിനു നേരിട്ട് സാമ്പത്തിക നഷ്ടം വരുത്തുകയോ പണാപഹരണം നടത്തുകയോ ചെയ്തിട്ടില്ലെങ്കിലും ടിയാന്റെ മേൽനോട്ടപിഴവ്, ശ്രീ.പി.രാജേഷിന് പണാപഹരണം, ക്രമക്കേടുകൾ എന്നിവ നടത്തുന്നതിനുള്ള സാഹചര്യമുണ്ടാക്കിയിട്ടുള്ളതായി കണ്ടെത്തി.

മേൽസാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്കിലെ മുൻ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ.പി.സുരേന്ദ്രനെതിരെ 1960 -ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും ) ചട്ടം 16 പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടി, ചട്ടം 11(1)(iii) പ്രകാരം ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതപ്രാബല്യമില്ലാതെ ആറുമാസത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി സർക്കാർ ഉത്തരവാകുന്നു.

( ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.അജിത്ത് കുമാർ ഐഎഎസ്**

**സെക്രട്ടറി**

ശ്രീ.പി.സുരേന്ദ്രൻ, മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് , ഇടുക്കി ( ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ